**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 15.07.2015–ലെ യോഗ നടപടിക്കുറിപ്പ്**

യോഗം ഉച്ചയ്ക്ക്ശേഷം 3.45 ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിലെ 624–ാം നമ്പർ ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.07.2015–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** 2015–16 സാമ്പത്തിക വർഷ പദ്ധതിയിൽ 1189 തദ്ദേശഭരണസ്ഥാപനങ്ങൾ ആകെ 11784.50 കോടി രൂപയുടെ പ്രോജക്ടുകൾക്ക് ഡി.പി.സി.യുടെ അംഗീകാരം നേടിയതായി യോഗം നിരീക്ഷിച്ചു. ഇതിൽ 974 ഗ്രാമപഞ്ചായത്തുകൾ 6612.12 കോടി രൂപയുടെ പ്രോജക്ടുകൾക്കും, 141ബ്ലോക്ക് പഞ്ചായത്തുകൾ 1643കോടി രൂപയുടെയും, 12 ജില്ലാ പഞ്ചായത്തുകൾ 1484കോടി രൂപയുടെയും, 57 മുനിസിപ്പാലിറ്റികൾ 1161.25 കോടി രൂപയുടെയും 5 മുനിസിപ്പൽ കോർപ്പറേഷനുകൾ 884.13കോടി രൂപയുടെയും പ്രോജക്ടുകൾക്കാണ് അംഗീകാരം നേടിയത്.

**2.2** 14.07.2015ൽ ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗ തീരുമാനപ്രകാരം കൊല്ലം, കോട്ടയം എറണാകുളം ജില്ലകളിൽ ഏറ്റെടുത്തിട്ടുള്ള തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി മാതൃകകൾ മറ്റു 11 ജില്ലകളിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഏറ്റെടുത്ത് നടപ്പാക്കുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

**2.3** നിലവിലെ പദ്ധതികളിൽ ഭേദഗതി വരുത്തണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ലോകബാങ്ക് പദ്ധതി, തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി, പദ്ധതികൾ അംഗീകാരം ലഭിച്ചതിനുശേഷം അധികമായി വന്ന സേവിംഗ്സ് തുക ഉപയോഗിച്ചുള്ള പദ്ധതികൾ, പ്രകൃതിക്ഷോഭം തുടങ്ങിയവ സംബന്ധിച്ച് ഏറ്റെടുക്കുന്ന പദ്ധതികൾ, വിവിധ പഞ്ചായത്തുകളിലെ ഐ.എസ്.ഒ സർട്ടിഫിക്കേഷന് തുക വകയിരുത്തുന്ന പദ്ധതികൾ, എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഡോക്യുമെന്റേഷൻ തയ്യാറാക്കുന്നതിനുള്ള തുകയും ഉൾപ്പെടുന്ന 6 വിഭാഗം പദ്ധതികൾ ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി.

**2.4** തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള തീയതി ജൂലൈ 31 വരെ ദീർഘിപ്പിച്ചു.

**2.5** തദ്ദേശഭരണ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് 30,000 രൂപയും ഓവർസീയർമാർക്ക് 20,000 രൂപയും പ്രതിമാസം ഹോണറേറിയം നൽകുന്നതിന് അനുവദിച്ചു തീരുമാനിച്ചു.

**2.6** തദ്ദേശഭരണ സ്ഥാപനങ്ങളുടെ തെരുവുവിളക്കുകളുടെ പരിപാലനവും അറ്റകുറ്റപ്പണികളും നടത്തുന്നതിന് ഇ–ടെണ്ടർ ചെയ്യണമെന്ന വ്യവസ്ഥ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കി തീരുമാനിച്ചു.

**2.7** അംഗനവാടികൾക്ക് കോർപ്പറേഷൻ പരിധിയിൽ 2 സെന്റ് സ്ഥലത്തിന് സെന്റ് ഒന്നിന് 2 ലക്ഷം രൂപ വീതവും ഗ്രാമപ്രദേശമുൾപ്പെടെയുള്ള മറ്റ് സ്ഥലങ്ങളിൽ 3 സെന്റ് സ്ഥലം സെന്റ് ഒന്നിന് ഒന്നര ലക്ഷം രൂപ വീതവും നൽകി സ്ഥലം വാങ്ങുന്നതിന് അനുമതി നൽകി തീരുമാനിച്ചു. സ്ഥലത്തിന്റെ വില കളക്ടർ നിശ്ചയിക്കേണ്ടതാണ്.

**2.8** പദ്ധതികളുമായി ബന്ധപ്പെട്ട് ഇ–ടെണ്ടർ നടപടി സ്വീകരിക്കുമ്പോൾ ഒരു ടെണ്ടർ മാത്രം ലഭിക്കുകയും അത് എസ്റ്റിമേറ്റ് തുകയെക്കാൾ കുറഞ്ഞ നിരക്കായിരിക്കുകയും റീ ടെണ്ടർ നടത്തുമ്പോൾ തുക ഇനിയും കുറഞ്ഞ നിരക്കിൽ ലഭിക്കുകയില്ലെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബോധ്യപ്പെടുകയുമാണെങ്കിൽ ഓഗസ്റ്റ് 31 വരെ ലഭിച്ച ടെണ്ടർ സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചു തീരുമാനിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന സാഹചര്യത്തിൽ റീടെണ്ടർ നടപടി കളിലേയ്ക്ക് പോയാൽ പദ്ധതി നിർവഹണത്തിന് ലഭ്യമായ സമയം വളരെ കുറവായിരിക്കും എന്ന കാരണത്താലാണ് ഇപ്രകാരം അനുമതി നൽകുന്നത്.

**2.9** എം.പി.ഫണ്ട്, എം.എൽ.എ ഫണ്ട് എന്നിവ ഉപയോഗിച്ച് എസ്.സി./എസ്.റ്റി കോളനികൾക്കുള്ളിലോ പുറത്തോ റോഡുകൾ നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാർഗരേഖ ബാധകമല്ലെന്നും, എം.പി. ഫണ്ട്, എം.എൽ.എ ഫണ്ട് മാർഗ നിർദ്ദേശമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത പ്രവൃത്തി ചെയ്യാവുന്നതാണെന്നും നിരീക്ഷിച്ചു.

**2.10** എല്ലാ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിലും ശുചിത്വമിഷൻ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുമേധാവികളും പങ്കെടുക്കുന്നുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. ശുചിത്വ മിഷൻ പല സാനിട്ടേഷൻ പ്രോജക്ടുകളുടെയും ടെക്നിക്കൽ സാംഗ്ഷൻ നൽകുന്നതിന് കാലതാമസം ഉണ്ടെന്ന് പരാതി ഉള്ളതിനാൽ, ശുചിത്വ മിഷൻ ഡയറക്ടർ ഹാജരാകാത്തതിൽ അതൃപ്തി രേഖപ്പെടുത്തുകയും ഇക്കാര്യം ശുചിത്വ മിഷൻ ഡയറക്ടറെ അറിയിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഡി.ഡി.2/352/15/തസ്വഭവ)**

ഭിന്നശേഷിയുള്ളവരുടെ കുടുംബങ്ങൾക്ക് ആടുവളർത്തൽ, കോഴിവളർത്തൽ എന്നീ പദ്ധതികൾക്ക് സബ്സിഡി നൽകുന്നത് നിലവിലുള്ള മാർഗരേഖ പ്രകാരമായിരിക്കണമെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് (ഫയൽ നം. ഡി.എ2/335/15/തസ്വഭവ)**

2014–15 വർഷത്തെ അലോക്കേഷനിൽ വിവിധ പഞ്ചായത്തുകൾക്ക് ബാക്കി തുക കിട്ടാനുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ അഡീഷണൽ ചീഫ് സെക്രട്ടറി(ധനകാര്യ)യുമായി ചർച്ച ചെയ്തിട്ടുണ്ടെന്നും തുക കിട്ടാനുള്ളതിന്റെ വിശദാംശങ്ങൾ സമാഹരിച്ചു നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ച സാഹചര്യത്തിൽ തുടർ നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഡി.ഡി2/335/15/തസ്വഭവ)**

പട്ടികജാതിക്കാരുടെ പുനരധിവാസത്തിന് ഭൂമി വാങ്ങൽ പദ്ധതിയിൽ പട്ടികജാതി വകുപ്പിലെ നിരക്കനുസരിച്ച് 5 സെന്റ് വീതം വാങ്ങി നൽകിയ നടപടി അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 MKSP(മഹിള കിസാൻ സശാക്തീകരൺ പരിയോജന–ഗ്രാമവികസന കമ്മീഷണറുടെ കത്ത് (ഫയൽ നം. ഡി.ഡി3/234/15)**

**MKSP** പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നത് സംബന്ധിച്ച വിഷയം വകുപ്പുതലത്തിൽ തീരുമാനിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 വെള്ളിനേഴി ഗ്രാമ പഞ്ചായത്ത് (ഫയൽ നം.ഡിബി.3/187/15)**

പാലിയേറ്റീവ് കെയറിന് ആംബുലൻസ് വാങ്ങുന്നത് സംബന്ധിച്ച് പാലിയേറ്റീവ് കെയറിനുള്ള പരിഷ്ക്കരിച്ച മാർഗരേഖ ലഭ്യമായശേഷം പരിഗണിക്കാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പ്രാദേശിക ഊർജ്ജ വികസനം (LAPDS)ഫയൽ നം. ഡി.എ1/49/15)**

കെ.എസ്.ഇ.ബി.യ്ക്ക് കോർപ്പസ് ഫണ്ട് രൂപീകരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഭാവന നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 7 കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനം മോഷണം പോയതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ പുതിയ വാഹനം നടപടിക്രമങ്ങൾ പാലിച്ച് വാങ്ങുന്നതിന് അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 8 വടക്കേക്കാട് ഗ്രാമപഞ്ചായത്ത്**

പി.ഡബ്ല്യു.ഡി.യുടെ കീഴിലുള്ള റോഡിൽ ഗ്രാമപഞ്ചായത്ത് മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരാത്ത പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 മലപ്പുറം ജില്ലാ പഞ്ചായത്ത്**

നിർമ്മിതി കേന്ദ്ര, കോസ്റ്റ് ഫോർഡ്, സിഡ്കോ തുടങ്ങിയ സ്ഥാപനങ്ങൾക്കും ഇ–ടെണ്ടറിൽ പങ്കെടുക്കാവുന്നതാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത്**

റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് സ്ക്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകാൻ അനുവദിക്കണമെന്ന ആവശ്യം പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 തിടനാട് ഗ്രാമ പഞ്ചായത്ത്**

2013–14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ ആംബുലൻസിന്റെ ഡ്രൈവറുടെ ദിവസ വേതനം, വാഹനത്തിന്റെ തുടർ ചെലവുകൾ എന്നിവ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കേണ്ടതാണെന്ന് തീരുമാനിച്ചു. ആംബുലൻസ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറിയിട്ടില്ലെങ്കിൽ ഉടൻ തന്നെ കൈമാറണമെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 ചെറുപുഴ ഗ്രാമ പഞ്ചായത്ത്**

ഐ.എ.വൈ. ഗുണഭോക്താവായി 2014–15–ൽ തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയുടെ സാമ്പത്തിക സ്ഥിതിയിൽ മാറ്റം വന്നിട്ടില്ലെങ്കിൽ ആനുകൂല്യം നൽകാവുന്നതാണെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത് (ബഹു. ആഭ്യന്തരമന്ത്രി ശ്രീ.രമേശ് ചെന്നിത്തല മുഖാന്തിരം)**

പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് ആഗസ്റ്റ് 2015 വരെയുള്ള വൈദ്യുതി ചാർജ് തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് (ബഹു. ഇടുക്കി എം.എൽ.എ ശ്രീ. റോഷി അഗസ്റ്റിൻ മുഖാന്തിരം)**

കാലവർഷക്കെടുതികളും അപകടങ്ങളും ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനത്തിന് ദ്രുതകർമ്മ സേന രൂപീകരിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്ന വിഷയമല്ലാത്തതിനാൽ അനുവദിക്കേണ്ടതില്ലെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 നടുവിൽ ഗ്രാമപഞ്ചായത്ത്**

2013-14 വാർഷിക പദ്ധതിയിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് നൽകിയ നടപടിക്ക് സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 മലപ്പുറം ജില്ലാ പഞ്ചായത്ത്**

2015-16 വാർഷിക പദ്ധതിയിൽ പട്ടികജാതി യുവതീയുവാക്കൾക്ക് ശിങ്കാരിമേളം പദ്ധതി 5% ഗുണഭോക്തൃ വിഹിതം ഈടാക്കിക്കൊണ്ട് നടപ്പാക്കുന്നതിന് അനുവാദം നൽകി തീരുമാനിച്ചു. കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിനും ഈ തീരുമാനം ബാധകമെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കൈനകരി ഗ്രാമപഞ്ചായത്ത്**

മണ്ണിട്ടുയർത്തേണ്ട ഓരോ വാസസ്ഥലത്തിനും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി പൂർത്തീകരിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ വാങ്ങി പദ്ധതി നടപ്പാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു. സഹായധനം ക്യാഷ് ആയി ഗുണഭോക്താക്കൾക്ക് നൽകരുതെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 തിരൂർ ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതികൾ അംഗീകരിക്കേണ്ടതില്ലെന്ന 24.06.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം (ഇനം 3.19) മാറ്റേണ്ടതില്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കവളങ്ങാട് ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിലെ നിർത്തലാക്കിയ കുടിവെള്ള പദ്ധതികളിൽ 4 എണ്ണത്തിന് വൈദ്യുതി ചാർജ് ഒടുക്കി പ്രവർത്തനക്ഷമമാക്കുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് (ബഹു. ഒറ്റപ്പാലം എം.എൽ.എ. ശ്രീ.എം.ഹംസ മുഖാന്തിരം )**

കാർഷിക സർവകലാശാലയിൽ നിന്നുമുള്ള വിത്തുകൾ ഉപയോഗിച്ച് തൈകൾ ഉണ്ടാക്കിയത് സർക്കാർ നിരക്കിൽ പഞ്ചായത്തുകളിൽ വിതരണം ചെയ്യുന്ന പദ്ധതി ഡി.പി.സി. അംഗീകാരത്തിനു വിധേയമായി നടപ്പാക്കാവുന്നതാണ്

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 ചക്കുപള്ളം ഗ്രാമപഞ്ചായതത്**

ചിറ്റാമ്പാറയിലെ അറവുശാലയിൽ അറവു ജോലി ചെയ്യുന്നതിന് ദിവസകൂലി നിരക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള ആവശ്യത്തിന്മേൽ പഞ്ചായത്ത് ഡയറക്ടർ അടുത്ത യോഗത്തിൽ റിപ്പോർട്ട് നൽകിയശേഷം പരിഗണിക്കാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 അതിയന്നൂർ ഗ്രാമപഞ്ചായത്ത്**

പൊതു തീരുമാനം 2.3 ബാധകം.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 ഷൊർണ്ണൂർ നഗരസഭ**

നഗരസഭ 2013-14 വർഷം നടപ്പാക്കിയ സൗര റാന്തൽ പദ്ധതിയ്ക്കുള്ള ഓഡിറ്റ് തടസ്സം എന്തെന്നും 2014-15 വർഷം ഈ പദ്ധതിയിൽ എത്ര പേരാണ് ഗുണഭോക്താക്കളെന്നും ചെലവ് തുക എത്രയെന്നുമുള്ള വിശാദാംശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിലെ ആംബുലൻസിന്റെ തുടർ ചെലവുകളും ഡ്രൈവറുടെ വേതനവും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കണമെന്ന വ്യവസ്ഥയിൽ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 വാമനപുരം ബ്ലോക്ക് പഞ്ചായത്ത്**

ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ അനുവദിക്കണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 മുതുകുളം ബ്ലോക്ക് പഞ്ചായത്ത്**

ജില്ലാ ആസൂത്രണ സമിതിയുടെ അപ്പീൽ കമ്മിറ്റി അംഗീകരിച്ച പ്രോജക്ട്കൾക്ക് പ്രത്യേകമായി കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം ആവശ്യമില്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 ഡോക്യമെന്റേഷൻ ചെലവുകൾ സംബന്ധിച്ച് കില ഡയറക്ടറുടെ ശുപാർശ**

കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 20 വർഷ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ തയ്യാറാക്കാൻ 13.05.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 2.6 പ്രകാരം ആകെ ചെലവ് 2 ലക്ഷം രൂപയായി നിശ്ചയിച്ചിരുന്നത് 115000 രൂപയായി പരിമിതപ്പെടുത്തി 26.06.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം 3.37 ഇനമായി തീരുമാനിച്ചിരുന്നു. പ്രിന്റിംഗ് ശില്പശാല, അനുദ്യോഗസ്ഥരുടെ 2 മാസത്തെ ഹോണറേറിയം, അച്ചടി, സെമിനാർ, ആർകൈവ്സ് നിർമ്മാണം എന്നീ വിവിധ ഇനങ്ങൾ പ്രകാരം തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് യോഗം അംഗീകരിച്ച് തീരുമാനിച്ചു. ഇതുമായി ബന്ധപ്പെട്ട ഓരോ ഇനത്തിന്റെയും ചെലവ് താഴെപറയും പ്രകാരമായിരിക്കണമെന്ന് തീരുമാനിച്ചു.

| | | | |
|---|---|---|---|
| 1 | യോഗങ്ങൾക്കുള്ള ചെലവ് | – | 5000 |
| 2 | 2 സന്നദ്ധ പ്രവർത്തർക്ക് രണ്ടു മാസത്തെ സേവനത്തിനുള്ള ഹോണറേറിയം | – | 20000 |
| 3 | പ്രിന്റിംഗ് | – | 40000 |
| 4 | സെമിനാർ | – | 20000 |
| 5 | കിലയ്ക്ക് നൽകേണ്ടത് | – | 25000 |

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം വൈകുന്നേരം 4.45–ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 22.07.2015–ന് ഉച്ചകഴിഞ്ഞ് 2.30 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പു മന്ത്രിയുടെ അസംബ്ലി ചേംബറിൽ കൂടുന്നതാണ്.**